**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1560** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് എത്ര ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഒരു കേസിൽ മാത്രമാണ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത്. കാസർഗോഡ് സബ് രജിസ്ട്രാർ ആഫീസിലെ 3291/2015 - ാം നമ്പർ ആധാരം റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി. വാണി.എൻ. ഭട്ട് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തുകയും ആൾമാറാട്ടം നടന്നതായി തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആധാരം 15/04/2024 തീയതിയിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനെതിരെ എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാർ കുറ്റക്കാരാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ലാത്തതിനാൽ ശിക്ഷാനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ